ഡി.വൈ.എസ്.പി./എ.എസ്.പി./എ.സി. റാങ്കിലുള്ള ഉദ്യോഗസ്ഥന്മാരുടെ നിയമനവും പ്രവർത്തനമേഖലയും

42 [2528] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര ഡി.വൈ.എസ്.പി./എ.എസ്.പി./ അസി. കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര പേർ നേരിട്ടു നിയമനം ലഭിച്ചവരാണ്;

(സി) ഈ റാങ്കിലെ ഉദ്യോഗസ്ഥരിൽ എത്രപേർക്ക് മറ്റു ഡിപ്പാർട്ടുമെന്റുകളിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത തസ്തികകളിൽപ്പെട്ട എത്രപേർ ദീർഘകാല അവധിയിലോ സസ്പെൻഷനിലോ വിവിധ ശിക്ഷാ നടപടികളിലോ ഉൾപ്പെട്ട് പ്രതിദിന ഡ്യൂട്ടിയിൽ നിന്നൊഴിഞ്ഞു നിൽക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവരിൽ എത്ര പേർക്ക് ക്രമസമാധാന ചുമതല നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഡി.വൈ.എസ്.പി./അസി കമ്മീഷണർ റാങ്കിൽ 251 ഉദ്യോഗസ്ഥരും എ.എസ്.പി. റാങ്കിൽ 2 ഉദ്യോഗസ്ഥരുമുണ്ട്.

(ബി) ഡി.വൈ.എസ്.പി.-മാരായി നേരിട്ട് നിയമനം ലഭിച്ചവരാരുമില്ല.

(സി) 20 പേർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട്.

(ഡി) ഒരു ഡി.വൈ.എസ്.പി. സസ്പെൻഷനിലുണ്ട്.

(ഇ) 58 ഡി.വൈ.എസ്.പി.-മാർക്ക് ക്രമസമാധാന ചുമതലയുണ്ട്.

കേരള ആംഡ് പോലീസിലെ പ്രൊമോഷൻ

43 [2529] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആംഡ് പോലീസിൽ എ.സി.-മാരുടെയും ഇൻസ്പെക്ടർമാരുടേയും എത്ര തസ്തികകളാണുള്ളത്;

(ബി) ആംഡ് പോലീസിൽ ഇൻസ്പെക്ടർ മുതൽ മുകളിലോട്ട് പ്രൊമോഷൻ നടപ്പിലാക്കിയിട്ട് എത്ര നാളായി;

(സി) അതുമൂലം സി.ഐ., ഡി.വൈ.എസ്.പി. റാങ്കിലുള്ള ഒഴിവുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉയർന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുകൊണ്ട് ഇപ്പോൾ പരിശീലനം നൽകിക്കൊണ്ടിരിക്കുന്ന 1500 ഓളം വരുന്ന പോലീസ് ട്രെയിനികൾക്ക് പരിശീലനവും ക്യാമ്പിലുള്ള പോലീസുകാർക്ക് നേതൃത്വവും കൊടുക്കുന്നതിന് ആവശ്യമായ ഉയർന്ന ഉദ്യോഗസ്ഥർ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നിയമം അനുസരിച്ച് 30 പോലീസ് ട്രെയിനിമാർക്ക് പരിശീലനം നൽകാൻ എത്ര ഉദ്യോഗസ്ഥന്മാർ ആണ് വേണ്ടത് എന്ന് വ്യക്തമാക്കാമോ;

(എഫ്) ഇപ്പോൾ പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന 1500 പോലീസ് ട്രെയിനിമാർക്ക് പരിശീലനം നൽകുന്നതിന് ആംഡ് പോലീസിലെ 8 ബറ്റാലിയനുകളിലായി ഹവിൽദാർ എസ്.ഐ., സി.ഐ., അസിസ്റ്റന്റ് കമാണ്ടന്റ് തുടങ്ങി എത്ര ഉദ്യോഗസ്ഥർ വേണമെന്ന് വ്യക്തമാക്കാമോ;

(ജി) വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ലെങ്കിൽ പ്രമോഷൻ യഥാസമയം നടത്തി ഒഴിവുള്ള പോസ്റ്റുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ആംഡ് ബറ്റാലിയൻ വിഭാഗത്തിൽ 8 ബറ്റാലിയനുകളിലുമായി 32 എ.സി.-മാരുടേയും 58 ആംഡ് പോലീസ് ഇൻസ്പെക്ടർമാരുടേയും തസ്തികകൾ നിലവിലുണ്ട്.

(ബി) 18-1-2000-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി. നം. 223/2000/ആഭ്യന്തരം പ്രകാരമാണ് അവസാനമായി ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിന്ന് അസിസ്റ്റന്റ് കമാണ്ടന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നടത്തിയത്.

(സി) ഇൻസ്പെക്ടർ റാങ്കിൽ 36 ഒഴിവുകളും അസിസ്റ്റന്റ് കമാണ്ടന്റ് തസ്തികയിൽ 20 ഒഴിവുകളും നിലവിലുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഒരു എ. പി. എസ്. ഐ.-യും 8 ഹവിൽദാർമാരും.

(എഫ്) 23-9-2000-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 174/99/ആഭ്യന്തരം പ്രകാരം 1500 റിക്രൂട്ട് പി. സി.-കൾക്ക് പരിശീലനം നൽകാൻ താഴെപ്പറയും പ്രകാരം ഇൻസ്ട്രക്ഷണൽ സ്റ്റാഫ് ആവശ്യമുണ്ട്. സി.ഐ./എ.പി.ഐ./ആർ.ഐ.-15, എസ്.ഐ./എ.പി.എസ്.ഐ./ആർ.എസ്.ഐ.-45, ഹവിൽദാർ/എച്ച്.സി.-150, ക്യാമ്പ് ഫോളോവർ-135.

(ജി) ഒഴിവുകൾ നികത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസ് മിനിസ്റ്റീരിയൽ സ്റ്റാഫ്

44 [2530] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ സേനയുടെ അംഗസംഖ്യ കൂട്ടുന്നതിനനുസരിച്ച് മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ അംഗസംഖ്യ കൂട്ടാറുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly